milma

# THIRUVANANTHAPURAM DIARY

[ISO 9001:2015 & ISO 22000;2018 certified]
P.B. No 4,Ambalathara,Poonthura P.O.Thiruvanathapuram – 695 026
Fax : 0471 – 2382192, E-mail : milmatd@gmail.com,trcmputd@milma.com
GST.No.32AAAAT9795J3ZV Web : www.milmatrcmpu.com

---

File No : 333/TVD/ENGG/2026-27 16.04.2026

## നാളികേരം വിളവെട്ടുപ്പ്

## ടെണ്ടർ നോട്ടീസ്

മിൽമ തിരുവനന്തപുരം ഡെയറി, കണ്ടല ഹബ്ബ് പരിസരത്തുള്ള വിളവെട്ടുക്കാൻ പാകത്തിലുള്ള ഏകദേശം 220 തെങ്ങുകളിൽ നിന്നും 2 വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ വിളവെട്ടുക്കുന്നതിന്, 3 മാസത്തിൽ ഒരിക്കൽ എന്ന കണക്കിൽ പാകമായ നാളികേരം മാത്രം വിളവെട്ടുക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു .വിശദവിവരങ്ങൾക്ക് മിൽമ തിരുവനന്തപുരം എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടുക .

ടെണ്ടറുകൾ പ്രസിദ്ധീകരിക്കുന്ന തിയതി : 16/04/2026 3 pm .
ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തിയതി : 24/04/2026 3 pm .
ടെണ്ടറുകൾ തുറക്കുന്ന സമയം : 24/04/2026 3.30 pm .

JESSY R S
SENIOR MANAGER

**നിബന്ധനകൾ**

1.പ്രസ്തുത ടെണ്ടർ /ലേലത്തിൽ പങ്കു ചേരാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി ഡെയറിയിൽ നിന്നും നൽകുന്ന ടെണ്ടർ ഫോം പൂരിപ്പിച്ചു നല്കേണ്ടതാണ്. അതിൽ കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെയോ /സ്ഥാപനത്തിന്റെയോ പേരിൽ ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമാണ് . ടെണ്ടറിൽ രേഖപ്പെടുത്തിയ കൂടിയ തുക ഇപ്പോഴത്തെ മാർക്കറ്റ് വിലയേക്കാൾ കുറവാണെന്ന് കാണുന്ന പക്ഷം ടി ടെണ്ടർ റദ്ദ് ചെയ്യുന്നതും അല്ലെങ്കിൽ പുതിയ ടെണ്ടർ വിളിക്കുന്നതിനുള്ള അധികാരം യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും .

2.ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തിയോ / സ്ഥാപനമോ സെക്യൂരിറ്റി ഡെപ്പോസിറ്റായി 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം ) തിരുവനന്തപുരം മിൽമ ഡെയറിയിൽ കെട്ടിവച്ച് രസീത് കൈപ്പറ്റേണ്ടതും നിയമപ്രകാരമുള്ള ഉടമ്പടി സ്വന്തം ചിലവിൽ 200 രൂപ മുദ്രപത്രത്തിൽ എഴുതി തരേണ്ടതുമാണ് . സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കുന്ന തുക കരാർ കാലാവധി കഴിയുന്ന മുറക്ക് പലിശ രഹിതമായി കരാറുകാരന് തിരികെ നൽകുന്നതാണ് .

3. ഓരോ പ്രാവശ്യവും വിളവെടുക്കാൻ തയാറെടുക്കുമ്പോഴും കരാർ ഉറപ്പിച്ച തുകയുടെ എട്ടിൽ ഒരു ഭാഗം മുൻകൂർ ആയി അടച്ചു ആയതിന്റെ രസീത് ബന്ധപ്പെട്ട വിഭാഗത്തിൽ സമർപ്പിച്ചു അനുമതി വാങ്ങിയിരിക്കേണ്ടതാണ്

4. ടെണ്ടർ /ലേലം സ്ഥിരപ്പെടുത്തുന്നയാൾ പണം കെട്ടിവയ്ക്കാതെയോ മറ്റേതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയോ ചെയ്താൽ തൊട്ടടുത്ത തുകയ്ക്ക് കരാർ തന്നിട്ടുള്ള വ്യക്തിയുടെയോ / സ്ഥാപനത്തിന്റെയോ പേരിൽ ലേലം സ്ഥിരപ്പെടുത്തി നല്കുവാനോ ,ലേല നടപടികൾ റദ്ദ ചെയ്യുവാനോ ഉള്ള അധികാരം യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും . കൂടാതെ വീഴ്ച വരുത്തിയ വ്യക്തിയെ/ സ്ഥാപനത്തിനെയോ തുടർന്ന് തിരുവനന്തപുരം ഡെയറിയുടെയോ , മേഖലാ യൂണിയന്റേയോ സമാന ടെണ്ടറുകളിൽ പങ്കെടുക്കുവാൻ അനുവദിക്കാത്ത രീതിയിൽ കരിമ്പട്ടികയിൽ പെടുത്തുന്നതുമാണ് .

5. യാതൊരു കാരണവും കൂടാതെ ടെണ്ടറുകൾ നിരസിക്കുവാനുള്ള അധികാരം യൂണിറ്റ് മേധാവിക്കോ ,അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിക്കോ ഉണ്ടായിരിക്കുന്നതാണ് .

6 ടെണ്ടറിൽ പറഞ്ഞിരിക്കുന്ന തെങ്ങുകളിൽ നിന്നല്ലാതെ മറ്റൊരു വൃക്ഷത്തിൽ നിന്നും ആദായം എടുക്കാൻ പാടുള്ളതല്ല .

7. കരാർ നടപടികൾ വിജയകരമായി പൂർത്തിയാക്കി കരാർ ഉറപ്പിച്ചതിനു ശേഷം മാത്രമേ കരാർ ലഭിച്ച വ്യക്തിക്കു ആദായം എടുക്കുവാൻ അവകാശമുണ്ടാവുകയുള്ളു .

8.കായ്ഫലമുള്ളതോ, അല്ലാത്തതോ ആയ ഏതെങ്കിലും തെങ്ങുകൾ ഡെയറിയുടെ അത്യാവശ്യത്തിനു മുറിച്ചു മാറ്റേണ്ടി വന്നാൽ അതിനുള്ള അധികാരം യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും . ഇപ്രകാരം മുറിച്ചു മാറ്റുന്ന മരത്തിന്റെ യാതൊരു നഷ്ടപരിഹാരവും കരാറുകാരന് നൽകുന്നതല്ല .ഓരോ പ്രാവശ്യവും ആദായമെടുക്കുന്നതിനു ഒരാഴ്ച മുൻപ് യൂണിറ്റ്

മേധാവി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ് .എടുക്കുന്ന ആദായത്തിന്റെ എണ്ണവും, വിവരവും കാണിച്ച് ഗേറ്റ് പാസ്സ് വാങ്ങി രാവിലെ 10.00 മണിക്കും വൈകീട്ട് 05.00 മണിക്കും ഇടയിൽ ഡെയറിക്ക് പുറത്തേക്ക് കൊണ്ടുപോകേണ്ടതാണ്.

9. ആദായം എടുക്കുമ്പോൾ തെങ്ങുകൾക്ക് യാതൊരുവിധ കേടുപാടുകളും സംഭവിക്കാൻ പാടുള്ളതല്ല. ആദായം എടുക്കുന്നതിനോടൊപ്പം തെങ്ങിൽ നിന്നും പഴുത്ത ഓലകളും മറ്റ് സാധനങ്ങളും വെട്ടി മാറ്റേണ്ടതും തെങ്ങുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ് .പച്ചയായ ഓലകളും മറ്റ് സാധനങ്ങളും വെട്ടി മാറ്റുകയും ആയതുമൂലം തെങ്ങുകൾക്ക് കേടുപാടുകൾ സംഭവിച്ചത് ഡെയറിക്ക് ബോധ്യപ്പെട്ടാൽ ടി നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കി എടുക്കുന്നതിനു യൂണിറ്റ് മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10. പട്ടികയിൽ പറഞ്ഞിരിക്കുന്ന തെങ്ങുകളിൽ നിന്നല്ലാതെ മറ്റ് വൃക്ഷങ്ങളുടെ ശിഖിരങ്ങൾ മുറിക്കുകയോ പുരയിടത്തിൽ കൃഷി യിറക്കുകയോ ചെയ്യാൻ കരാറുകാരന് യാതൊരാവകാശവും ഉണ്ടായിരിക്കുന്നതല്ല .

11. അവസാന ഗഡു ഫലം എടുക്കുന്നതിന് രണ്ടാഴ്ച മുൻപ് കരാറുകാരൻ രേഖാമൂലം ഡെയറിയെ വിവരം അറിയിക്കേണ്ടതും യൂണിറ്റ് മേധാവി ചുമതലപ്പെടുത്തുന്ന വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ ആദായം എടുക്കേണ്ടതാണ് .

12. മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി കരാർ പിടിച്ചയാൾ പ്രവർത്തിക്കുന്ന പക്ഷം ഡെയറിക്കുണ്ടാകുന്ന സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും. ആ തുക സെക്യൂരിറ്റി തുകയിൽ നിന്നോ, കരാറുകാരന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതാണ് .

13. ആദായം എടുക്കേണ്ടത് സ്വന്തം ഉത്തരവാദിത്വത്തിലും, സ്വന്തം ചിലവിലും ആയിരിക്കും നടത്തേണ്ടത് .കരാർ ഉറപ്പിച്ചതിനുശേഷം ആദ്യ ആദായം എടുക്കേണ്ടതും ,തുടർന്ന് വരുന്ന മൂന്നു മാസത്തിൽ ഒരിക്കലും അങ്ങനെ ഒരു വർഷത്തിൽ അകെ 4 പ്രാവശ്യവും വിളവെടുക്കാവുന്നതാണ് .പാകമാകാത്ത നാളികേരം വെട്ടിയെടുക്കാൻ പാടുള്ളതല്ല .

14. ടെണ്ടറിൽ പങ്കെടുക്കുന്നതിന് മുൻപായി അമ്പലത്തറയ്ക്ക് സമീപമുള്ള തിരുവനന്തപുരം ഡെയറിയും, ഊരൂട്ടമ്പലം കാട്ടാക്കട റോഡിലുള്ള കണ്ടല ഹബ്ബ് സ്ഥിതി ചെയ്യുന്ന സ്ഥലവും സന്ദർശിച്ച് തെങ്ങുകളുടെ നിലവിലെ എണ്ണവും, ലഭിക്കാവുന്ന കായ്ഫലങ്ങളുടെ സ്ഥിതിയും കൃത്യമായും വിലയിരുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ഡെയറി എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെടുക

Signed by
Jessy R S
Date: 16-04-2026 16:00:15

**JESSY R S**
**SENIOR MANAGER**